7. എറണാകുളം ഇൻഫോപാർക്കിൽ 10,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാർട്ടപ്പ് വെയർ ഹൗസ് സ്ഥാപിച്ചു

8. ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവയുടെ വികസനത്തിനായി ടെക്നോളജി ബിസിനസ് ആക്സിലറേറ്ററുകൾ കിൻഫ്രയുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ചു

ഓട് കമ്പനികൾക്ക് കളിമണ്ണ് ഖനനത്തിനുള്ള അനുമതി

217 (602) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓട് കമ്പനികൾക്ക് ആവശ്യമായ കളിമണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നല്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടം (9) പ്രകാരം കളിമണ്ണ് ഖനനം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് പരിസ്ഥിതി വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് ആവശ്യമായിരുന്നു. ടി ചട്ടത്തിൽ 22-12-2015-ലെ GO(P) 175/2015/ID നമ്പർ ഉത്തരവ് പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് കളിമണ്ണ് ഖനനത്തിന് പെർമിറ്റ് അനുവദിക്കുന്നതിന് പരിസ്ഥിതി ക്ലിയറൻസ് ആവശ്യമില്ല. എന്നാൽ ടി ചട്ടങ്ങളിലെ ചട്ടം 4(2)(f) പ്രകാരം ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ നിയോഗിക്കുന്ന ജില്ലാതല വിദഗ്ധ സമിതിയുടെ ശിപാർശപ്രകാരം ജില്ലാ കളക്ടറിൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്. ജില്ലാതല വിദഗ്ധ സമിതിയിലെ സർക്കാർ നോമിനികളെ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ

218 (603) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട് എത്ര ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ ബിസ്മി ഗ്രാനൈറ്റ്സ് പൂട്ടാൻ ഉത്തരവ് ഇറക്കിയതിനുള്ള കാരണം വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിൽ നിന്നും 6 പൊതുവായ ഉത്തരവുകൾ പുപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഏറനാട് താലൂക്കിൽ പെരുകമണ്ണ വില്ലേജിൽ സർവ്വേ നമ്പർ 354, 11/1-9 ൽപ്പെട്ട സ്ഥലത്ത് ബിസ്മി ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിന് ക്വാറീയിംഗ് ലീസ് അനുവദിച്ചതാണ്. എന്നാൽ പ്രസ്തുത സ്ഥലം പ്രത്യേകാവശ്യത്തിനായി പതിച്ചു കൊടുത്ത ഭൂമിയിൽ ആണെന്ന് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-10-2014 ന് ജില്ലാ കളക്ടർ ക്വാറി പ്രവർത്തനം നിർത്തിവയ്പിക്കുകയുണ്ടായി. തുടർന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11-11-2015-ലെ സ.ഉ.(എം.എസ്)നമ്പർ 593/15/റവന്യൂ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥലത്തെ ഖനനത്തിനെതിരായി നിലനിന്നിരുന്ന സ്റ്റേ ജില്ലാകളക്ടർ 20-11-2015 തീയതിയിലെ ഇ 7-56270/2014 നമ്പർ ഉത്തരവുപ്രകാരം പിൻവലിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ക്വാറിക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി

219 (604) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിനും അടച്ചുപൂട്ടിയ ഖാദി യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വിശദമാക്കാമോ?

ഉത്തരം

ഖാദി വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് പുതിയ വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം സ്പെയർപാർട്സ് വാങ്ങൽ, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, റെഡിമെയ്ഡ് പാവ് യൂണിറ്റ് സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഇൻസെന്റീവ് നൽകൽ, ഖാദി സ്ഥാപനങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.